04.12.22 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 09-01-1993

# അവ്യക്ത വർഷം ആഘോഷിക്കുക അർത്ഥം സത്പുത്രരായി തെളിവ് നല്കുക

ഇന്ന് അവ്യക്തമായ ബാബ തന്റെ അവ്യക്ത മൂർത്തായ കുട്ടികളുമായി മിലനം ചെയ്തു കൊണ്ടിരിക്കുന്നു. അവ്യക്തം അർത്ഥം വ്യക്ത ഭാവത്തിൽ നിന്നുപരി നിർമ്മോഹിയും അവ്യക്ത ബാബയ്ക്ക് സമാനം പ്രിയപ്പെട്ടവരും. സർവ്വ കുട്ടികൾ വിശേഷിച്ച് ആ വർഷം അങ്ങനെ ബാബയ്ക്ക സമാനമാകുന്നതിനുള്ള ലക്ഷ്യം വച്ച് യഥാ ശക്തിക്കനുസരിച്ച് വളരെ നല്ല പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. ലക്ഷ്യത്തിനോടൊപ്പം ലക്ഷണവും ധാരണ ചെയ്ത് പൊയ്ക്കൊണ്ടിരിക്കുന്നു. ബാപ്ദാദ സർവ്വ കുട്ടികളുടെയും പുരുഷാർത്ഥം കണ്ട് ഹർഷിതമാകുന്നു. ഓരോരുത്തരും മനസ്സിലാക്കുന്നുണ്ട്- ഇങ്ങനെ സമാനമാകുക തന്നെയാണ് സ്നേഹത്തിന്റെ തെളിവ് എന്ന് അതിനാൽ അങ്ങനെ തെളിവ് നല്കുന്ന കുട്ടികളെ തന്നെയാണ് സത്പുത്രർ എന്ന് പറയുന്നത്. അതിനാൽ സത്പുത്രരെ കണ്ട് ബാപ്ദാദായ്ക്ക് സന്തോഷമുണ്ടാകുന്നു, വിശേഷിച്ച് എക്സ്ട്രാ സഹായവും നല്കുന്നു.

എത്രത്തോളം ധൈര്യശാലിയാകുന്നുവൊ അത്രയും കോടിമടങ്ങ് ബാബയുടെ സഹായത്തിന് സ്വതവേ പാത്രമാകുന്നു. അങ്ങനെ പാത്രരായ കുട്ടികളുടെ ലക്ഷണമെന്തായിരിക്കും? ഏതു പോലെ ബാബയ്ക്ക് മഹിമയുണ്ട്- ബാബയുടെ ഖജനാവ് സദാ സമ്പന്നമാണ്, അതേപോലെ സത്പുത്രരായ കുട്ടികളുടെ ഖജനാവ്- സദാ സർവ്വരുടെയും ഹൃദയത്തിലെ സ്നേഹത്തിന്റ ആശീർവാദങ്ങളാൽ, സർവ്വരുടെ സഹയോഗത്തിന്റെ അനുഭവങ്ങളാൽ, സർവ്വ ഖജനാക്കളാൽ ഭണ്ഡാര നിറഞ്ഞിരിക്കുന്നു. ഏതൊരു ഖജനാവിനാലും സ്വയത്തെ ശൂന്യമായി അനുഭവിക്കില്ല. സദാ അവരുടെ ഹൃദയത്തിൽ നിന്നും ഈ ഗീതം സ്വതവേ മുഴങ്ങുന്നു- അപ്രാപ്തമായ ഒരു വസ്തുവും ബാബയുടെ കുട്ടികളുടെ ഭണ്ഡാരയിലില്ല. അവരുടെ ദൃഷ്ടിയിലൂടെ, മനോഭാവനയിലൂടെ, വൈബ്രേഷൻസിലൂടെ, മുഖത്തിലൂടെ, സമ്പർക്കത്തിലൂടെ സദാ സമ്പന്നമായ ആത്മാക്കളുടെ അനുഭവം ചെയ്യുന്നു. അങ്ങനെയുള്ള കുട്ടികൾ സദാ ബാബയോടൊപ്പമുണ്ട്, സാഥിയുമാണ്. ഈ ഡബിൾ അനുഭവം ചെയ്യുന്നു. തന്റെ ലഹരിയിൽ സദാ കൂട്ട്കെട്ടിന്റെ അനുഭവം ചെയ്യുന്നു, സേവനത്തിൽ സദാ സാഥി സ്ഥിതിയുടെ അനുഭവം ചെയ്യുന്നു. ഈ രണ്ട് അനുഭവങ്ങൾ സാഥിയും, കൂടെയും- സ്വതവേ തന്നെ ബാബയ്ക്ക് സമാനം സാക്ഷി അർത്ഥം നിർമ്മോഹിയും സ്നേഹിയുമാക്കുന്നു. ഏതു പോലെ ബ്രഹ്മാബാബയെ കണ്ടുവല്ലോ- ബാബയും ഞാനും സദാ കംബയിന്റ് രൂപത്തിൽ അനുഭവം ചെയ്തു, ചെയ്യിച്ചു. കംബയിന്റ് സ്വരൂപത്തെ ആർക്കും അകറ്റാൻ സാധിക്കില്ല. അങ്ങനെ സത്പുത്രരായ കുട്ടികൾ സദാ സ്വയത്തെ കംബയിന്റ് രൂപത്തിന്റെ അനുഭവം ചെയ്യുന്നു. ഏതൊരു ശക്തിക്കും അകറ്റാൻ സാധിക്കില്ല.

സത്യയുഗത്തിൽ പ്രകൃതി ദേവതമാരുടെ ദാസിയായിരിക്കും അർത്ഥം സദാ സമയത്തിനനുസരിച്ച് സഹയോഗിയായിരിക്കും, അതേപോലെ സത്പുത്രരായ കുട്ടികളുടെ ശ്രേഷ്ഠമായ സ്ഥിതി കാരണം സർവ്വ ശക്തികളും സർവ്വ ഗുണങ്ങളും സമയത്തിനനുസരിച്ച് സഹയോഗിയായിരിക്കും അർത്ഥം സദാ സമയം സർവ്വ ശക്തികളുടെ, ഗുണങ്ങളുടെ രാജ്യ അധികാരിയായിരിക്കും. അതോടൊപ്പം അങ്ങനെയുള്ള സത്പുത്രരായ കുട്ടികളുടെ സേവനത്തിന്റെ വിശേഷ സ്വരൂപമെന്തായിരിക്കും? സർവ്വരും വാചായും മനസ്സാ സേവനവും ചെയ്തു കൊണ്ടിരിക്കുന്നുണ്ട്, അവരും സേവനം ചെയ്യുന്നുണ്ട് എന്നാൽ അവരുടെ വിശേഷ സേവനമിതാണ്- സദാ അന്യാത്മാക്കൾക്ക് പ്രാപ്തമായിട്ടുള്ള ബാബയുടെ ഗുണങ്ങളും ശക്തികളും ദാനം ചെയ്യുന്നില്ല പക്ഷെ സഹയോഗം അഥവാ പ്രാപ്തിയുടെ അനുഭവം ചെയ്യിക്കണം. അജ്ഞാനികൾക്ക് ദാനം ചെയ്യും, ബ്രാഹ്മണാത്മാക്കൾക്ക് സഹയോഗം അഥവാ പ്രാപ്തി ചെയ്യിക്കും കാരണം ഏറ്റവും വലുതിലും വച്ച് വലിയ ദാനം ഗുണ ദാനം അഥവാ ശക്തികളുടെ ദാനമാണ്.

ദുർബലരെ ശക്തിശാലിയാക്കുക തന്നെയാണ് ശ്രേഷ്ഠമായ ദാനം അഥവാ സഹയോഗം. അപ്പോൾ ഇങ്ങനെയുള്ള സഹയോഗം നല്കാൻ അറിയാമോ? അതോ ഇപ്പോൾ എടുക്കാനാണോ ചിന്തിക്കുന്നത്? ഇപ്പോൾ വരെ എടുക്കുന്നവരാണോ അതോ ദാതാവിന്റെ കുട്ടികൾ നല്കുന്നവരായോ? അതോ ഇടയ്ക്ക് എടുക്കുന്നു, ഇടയ്ക്ക് നല്കുന്നു, അങ്ങനെയാണോ? നല്കാൻ ആരംഭിക്കൂ എങ്കിൽ സ്വതവേ തന്നെ സമ്പന്നമായി മാറും കാരണം ബാബ സർവ്വർക്കും സർവ്വതും നല്കി. തന്റെ പക്കൽ യാതൊന്നും വച്ചിട്ടില്ല, സർവ്വതും നല്കി. കേവലം എടുക്കുന്നവർക്ക് സംരക്ഷിക്കാനും കാര്യത്തിലുപയോഗിക്കാനും അറിയില്ലേ. അതി

നാൽ എത്രത്തോളം നല്കുന്നുവൊ അത്രയും സമ്പന്നതയുടെ അനുഭവം ചെയ്തു കൊണ്ടിരിക്കും. അങ്ങനെയുള്ള സത്പുത്രരല്ലേ. സത്പുത്രരുടെ ലൈനില്ലല്ലേ അതോ, സത്പുത്രരാകുന്നവരുടെ ലൈനിലാണോ? ഏതു പോലെ ലൗകീകത്തിലും അച്ഛനും അമ്മയും മക്കളെ കൈകളിൽ വച്ച് നൃത്തം ചെയ്യിക്കുന്നു അർത്ഥം സദാ സന്തോഷത്തോടെ വയ്ക്കുന്നു, ഉണർവ്വും ഉത്സാഹവും നല്കുന്നു. അതേപോലെ സത്പുത്രരായ കുട്ടികൾ സദാ സർവ്വരെയും ഉണർവ്വിലും ഉത്സാഹത്തിലും നൃത്തം ചെയ്യിച്ചു കൊണ്ടിരിക്കും, പറക്കുന്ന കലയിൽ പറത്തി കൊണ്ടിരിക്കും. അതിനാൽ ഈ വർഷം അവ്യക്ത വർഷമായി ആഘോഷിച്ചു കൊണ്ടിരിക്കുന്നു. അവ്യക്ത വർഷം അർത്ഥം ബാബയുടെ സത്പുത്രരായി തെളിവ് നല്കുന്നവരാകണം. അങ്ങനെ തെളിവ് നല്കുക അർത്ഥം ആഘോഷിക്കുക. അവ്യക്തം എന്നതിന്റെ അർത്ഥം തന്നെയാണ് വ്യക്ത ഭാവത്തിൽ നിന്നും വ്യക്ത ഭാവനയിൽ നിന്നും ഉപരി.

ജീവിതത്തിൽ പറക്കുന്ന കല അഥവാ ഇറങ്ങുന്ന കലയുടെ ആധാരം രണ്ട് കാര്യങ്ങൾ തന്നെയാണ്. 1) ഭാവന 2) ഭാവം. ഏതെങ്കിലും കാര്യത്തിൽ കാര്യത്തെ പ്രതി അഥവാ കാര്യം ചെയ്യുന്ന വ്യക്തിയെ പ്രതി ഭാവന ശ്രേഷ്ഠമാണ്, എങ്കിൽ ഭാവനയുടെ ഫലവും സ്വതവേ ശ്രേഷ്ഠമായത് പ്രാപ്തമാകുന്നു. ഒന്നുണ്ട് സർവ്വരെ പ്രതി മംഗളത്തിന്റെ ഭാവന, രണ്ടാമത് ആര് എങ്ങനെയായാലും സദാ സ്നേഹവും സഹയോഗവും നല്കുന്നതിന്റെ ഭാവന, മൂന്നാമത് സദാ ധൈര്യവും ഉത്സാഹവും വർദ്ധിപ്പിക്കുന്നതിന്റെ ഭാവം, നാലാമത് എങ്ങനെയുള്ളവരായാലും സദാ തന്റെതെന്ന ഭാവന, അഞ്ചാമത് ഇതിന്റെയെല്ലാം അടിത്തറ ആത്മീയ-സ്വരൂപത്തിന്റെ ഭാവന. ഇതിനെയാണ് സത്ഭാവനകൾ അഥവാ പോസിറ്റീവ് ഭാവനകൾ എന്ന് പറയുന്നത്. അതിനാൽ അവ്യക്തമാകുക അർത്ഥം ഈ സർവ്വ സത്ഭാവനകൾ വയ്ക്കുക. ഈ സത്ഭാവനകൾക്ക് വിപരീതമാകുമ്പോഴാണ് വ്യക്ത ഭാവം തന്റെ നേർക്ക് ആകർഷിക്കുന്നത്. വ്യക്തമായ ഭാവത്തിന്റെ അർത്ഥം തന്നെയാണ് ഈ അഞ്ച് കാര്യങ്ങളുടെ നെഗറ്റീവ് അർത്ഥം വിപരീത സ്ഥിതിയിലിരിക്കുക. ഇതിന്റെ വിപരീതമെന്തെന്ന് സ്വയം അറിയാമല്ലോ, വർണ്ണിക്കേണ്ട ആവശ്യമില്ല. ഭാവന വിപരീതമാകുമ്പോൾ അവ്യക്ത സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ സാധിക്കില്ല.

മായ വരുന്നത് വിശേഷിച്ചും ഈ വാതിലിലൂടെയാണ്. ഏതൊരു വിഘ്നത്തെയും ചെക്ക് ചെയ്യൂ, അതിന്റെ കാരണം പ്രീതത്തിന് പകരം വിപരീത ഭാവനകൾ തന്നെയായിരിക്കും. ഭാവന ആദ്യം സങ്കല്പത്തിന്റെ രൂപത്തിലുണ്ടാകുന്നു, പിന്നീട് വാക്കുകളിൽ വരുന്നു, അതിന് ശേഷം കർമ്മത്തിൽ വരുന്നു. ഏതുപോലെയാണോ ഭാവന അതേപോലെ വ്യക്തികളുടെ ഓരോ ചലനം അഥവാ വാക്കിനെ അതേ ഭാവത്തിലൂടെ കാണും, കേൾക്കും അഥവാ സംബന്ധത്തിൽ വരും. ഭാവനയിലൂടെ ഭാവം തന്നെ പരിവർത്തനപ്പെടുന്നു. ഏതെങ്കിലും ആത്മാവിനെ പ്രതി ഏതെങ്കിലും സമയത്ത് അസൂയയുടെ ഭാവനയുണ്ടായി അർത്ഥം സ്വന്തമെന്ന ഭവനയില്ലായെങ്കിൽ ആ വ്യക്തിയുടെ ഓരോ പെരുമാറ്റം, ഓരോ വാക്കിലൂടെ തെറ്റിദ്ധാരണയുടെ ഭാവം അനുഭവപ്പെടും. അവർ നല്ലത് ചെയ്താലും നിങ്ങളുടെ ഭാവന നല്ലതല്ലാത്തത് കാരണം ഓരോ പെരുമാറ്റം, വാക്കിലൂടെ നിങ്ങൾക്ക് മോശമായ ഭാവം കാണപ്പെടും. അതിനാൽ ഭാവന ഭാവത്തെ പരിവർത്തനപ്പെടുത്തുന്നതാണ്. ചെക്ക് ചെയ്യൂ- ഓരോ ആത്മാവിനെ പ്രതി ശുഭ ഭാവന, ശുഭ ഭാവമാണോ? ഭാവത്തെ മനസ്സിലാക്കുന്നതിൽ വ്യത്യാസം വരുന്നതിലൂടെ തെറ്റിദ്ധാരണ മായക്ക് വരാനുള്ള വാതിലായി മാറുന്നു. അവ്യക്ത സ്ഥിതിയുണ്ടാക്കുന്നതിന് വിശേഷിച്ച് തന്റെ ഭാവനയെയും ഭാവത്തെയും ചെക്ക് ചെയ്യൂ എങ്കിൽ സഹജമായി അവ്യക്ത സ്ഥിതിയിൽ വിശേഷ അനുഭവം ചെയ്യാൻ സാധിക്കും.

ചില കുട്ടികൾ അശുദ്ധ ഭാവന അഥവാ അശുഭ ഭാവത്തിൽ നിന്നും വേറിട്ടിരിക്കുന്നുണ്ട്. എന്നാൽ ഒന്നുണ്ട് ശുഭ ഭാവവും ഭാവനയും, രണ്ടാമത് വ്യർത്ഥമായ ഭാവവും ഭാവനയും, മൂന്നാമത് സാധാരണമായ ഭാവന അഥവാ ഭാവം കാരണം ബ്രാഹ്മണൻ അർത്ഥം സേവാ ഭാവം. അതിനാൽ സാധാരണമായ ഭാവന അഥവാ സാധാരണമായ ഭാവം നഷ്ടമുണ്ടാക്കില്ല എന്നാൽ ബ്രാഹ്മണ ജീവിതത്തിന്റെ കർത്തവ്യമാണ് ശുഭ ഭാവനയിലൂടെ സേവാ ഭാവം, അത് ചെയ്യാൻ സാധിക്കുന്നില്ല അതിനാൽ ബ്രാഹ്മണ ജീവിതത്തിൽ സേവനത്തിന്റെ ഫലം ശേഖരിക്കപ്പെടുന്നതിന്റെ വിശേഷ വരദാനത്തെ അനുഭവം ചെയ്യാൻ സാധിക്കുന്നില്ല. അതിനാൽ സാധാരണമായ ഭാവനയെയും ഭാവത്തെയും ശ്രേഷ്ഠമായ ഭാവന, ശ്രേഷ്ഠമായ ഭാവത്തിലേക്ക് പരിവർത്തനപ്പെടുത്തൂ. ചെക്ക് ചെയ്യുകയാണെങ്കിൽ പരിവർത്തനപ്പെടാം, അവ്യക്ത ഫരിസ്ഥയായി ബാബയ്ക്ക് സമാനം സഹജമായി മാറാം. അപ്പോൾ മനസ്സിലായോ, അവ്യക്ത വർഷം എങ്ങനെ ആഘോഷിക്കണം എന്ന്?

ശുഭ ഭാവന- മനസ്സാ സേവനത്തിന്റെ വളരെ ശ്രേഷ്ഠമായ സാധനയാണ്, ശ്രേഷ്ഠമായ ഭാവം-സംബന്ധ സമ്പർക്കത്തിൽ സർവ്വരുടെയും പ്രിയപ്പെട്ടവരാകുന്നതിനുള്ള സഹജമായ ഉപായമാണ്. സദാ സർവ്വരെ

പ്രതി ശ്രേഷ്ഠമായ ഭാവം ധാരണ ചെയ്യുന്നവർ തന്നെയാണ് മാലയിലെ സമീപത്തെ മുത്തായി മാറുന്നത് കാരണം മാല സംബന്ധ സമ്പർക്കത്തിൽ സമീപതയുടെയും ശ്രേഷ്ഠതയുടെയും ലക്ഷണമാണ്. ആര് ഏത് ഭാവത്തോടെ പറഞ്ഞാലും നടന്നാലും നിങ്ങൾ സദാ സർവ്വരെ പ്രതി ശുഭ ഭാവം, ശ്രേഷ്ഠമായ ഭാവം ധാരണ ചെയ്യൂ. ഇതിൽ വിജയിയാകുന്നവരാണ് മാലയിൽ കോർക്കപ്പെടുന്നതിന്റെ അധികാരിയാകുന്നത്. സേവനത്തിന്റെ മേഖലകളിൽ പ്രഭാഷണം ചെയ്യാൻ സാധിക്കുന്നില്ല, പ്ലാൻ ഉണ്ടാക്കാൻ സാധിക്കുന്നില്ലെങ്കിലും പരസ്പരം സംബന്ധ സമ്പർക്കത്തിൽ ശുഭ ഭാവം വയ്ക്കാൻ സാധിക്കുന്നു എങ്കിൽ ഈ ശുഭമായ ഭാവം സൂക്ഷ്മമായ സേവാ ഭാവത്തിൽ ശേഖരിക്കപ്പെടുന്നു. അങ്ങനെ ശുഭ ഭാവമുള്ളവർ സദാ സർവ്വർക്കും സുഖം നല്കും, സുഖം എടുക്കും. അതിനാൽ ഇതും സേവനമാണ്, ഈ സേവാ ഭാവം മുന്നിലുള്ള നമ്പർ നേടുന്നതിന് അധികാരിയാക്കുന്നു അതിനാൽ മാലയിലെ മുത്തായി മാറും. മനസ്സിലായോ? ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത്– എനിക്ക് പ്രഭാഷണം ചെയ്യാനുള്ള അവസരമേ ലഭിക്കുന്നില്ല, വലിയ വലിയ സേവനത്തിനുള്ള അവസരം ലഭിക്കുന്നില്ല. എന്നാൽ ഈ സേവാ ഭാവത്തിന്റെ സ്വർണ്ണിമ അവസരം എടുക്കുന്ന ചാൻസലരുടെ ലൈനിൽ വന്നു ചേരും അർത്ഥം വിശേഷ ആത്മാവായി മാറും, അതിനാൽ ഈ വർഷം വിശേഷിച്ച് ഈ ശുഭ ഭാവനയും, ശ്രേഷ്ഠമായ ഭാവവും– ഇതിൽ ശ്രദ്ധിക്കണം.

അശുഭ ഭാവത്തെയും അശുഭമായ ഭാവനയെയും തന്റെ ശുഭ ഭാവം, ശുഭ ഭാവനയിലൂടെ പരിവർത്തനപ്പെടുത്താൻ സാധിക്കും. കേൾപ്പിച്ചല്ലോ– റോസാ പുഷ്പം ദുർഗന്ധത്തിന്റെ വളത്തിലൂടെ സുഗന്ധം ധാരണ ചെയ്ത് സുഗന്ധമുള്ള പുഷ്പമാകാൻ സാധിക്കും. അതിനാൽ നിങ്ങൾ ശ്രേഷ്ഠമായ ആത്മാക്കൾക്ക് അശുഭം, വ്യർത്ഥം, സാധാരണമായ ഭാവന, ഭാവത്തെ ശ്രേഷ്ഠതയിലേക്ക് പരിവർത്തനപ്പെടുത്താൻ സാധിക്കില്ലേ! അതോ പറയുമോ എന്ത് ചെയ്യാം, ഇവരുടേത് അശുഭമായ ഭാവനയാണ്, ഇവരുടെ ഭാവം എന്നെ പ്രതി വളരെ മോശമാണ്, എനിക്കെന്ത് ചെയ്യാൻ സാധിക്കും? ഇങ്ങനെ പറയില്ലല്ലോ! നിങ്ങളുടെ ടൈറ്റിലാണ്– വിശ്വപരിവർത്തകർ. പ്രകൃതിയെ തമോഗുണിയിൽ നിന്നും സതോഗുണിയാക്കാൻ സാധിക്കുമെങ്കിൽ, ആത്മാക്കളുടെ ഭാവത്തെയും ഭാവനയെയും പരിവർത്തനപ്പെടുത്താൻ സാധിക്കില്ലേ? അതിനാൽ ഇതേ ലക്ഷ്യം ബാബയ്ക്ക് സമാനം അവ്യക്ത ഫരിസ്ഥയാകുന്നതിന്റെ ലക്ഷണം സഹജവും സ്വതവേയും കൊണ്ടു വരുന്നു. മനസ്സിലായോ, എങ്ങനെ അവ്യക്ത വർഷം ആഘോഷിക്കണം? ആഘോഷിക്കുക അർത്ഥം ആയിത്തീരുക, ഇത് ബ്രാഹ്മണരുടെ ഭാഷയുടെ സിദ്ധാന്തമാണ്. ആകണ്ടേ അതോ കേവലം ആഘോഷിച്ചാൽ മതിയോ? ബ്രാഹ്മണരിൽ വർത്തമാന സമയത്ത് ഇതേ പുരുഷാർത്ഥത്തിന്റെ വിശേഷ ആവശ്യമാണ് ഉള്ളത്. ഈ സേവനം മാലയിലെ മുത്തുകളെ സമീപത്ത് കൊണ്ട് വന്ന് പ്രസിദ്ധമാക്കുന്നു. മാലയിലെ മുത്തുകൾ വെവ്വേറെ തയ്യാറായി കൊണ്ടിരിക്കുന്നു. എന്നാൽ മാല അർത്ഥം മുത്തുകളുടെ സമീപത. അതിനാൽ ഈ രണ്ട് കാര്യങ്ങൾ മുത്തുകളുടെ സമീപതയുടെ സാധനമാണ്. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ സ്നേഹത്തിന്റെ തെളിവ് നല്കുന്ന സത്പുത്രർക്ക്, സദാ ബാബയ്ക്ക് സമാനം ഫരിസ്ഥയാകുന്നതിന്റെ ഉണർവ്വിലും ഉത്സാഹത്തിലുമിരിക്കുന്ന ആത്മാക്കൾക്ക്, സദാ സർവ്വരെ പ്രതി ശ്രേഷ്ഠമായ ഭാവനയും ശ്രേഷ്ഠ ഭാവവും വയ്ക്കുന്ന വിജയി ആത്മാക്കൾക്ക്, സദാ ഓരോ ആത്മാവിനെയും ശ്രേഷ്ഠമായ ഭാവനയിലൂടെ പരിവർത്തനം ചെയ്യുന്ന വിശ്വ പരിവർത്തകരായ ആത്മാക്കൾക്ക്, സദാ വിജയിയായി വിജയ മാലയിൽ സമീപത്ത് വരുന്ന വിജയി രത്നങ്ങൾക്ക് ബാപ്ദാദായുടെ അവ്യക്ത വർഷത്തിന്റെ ആശംസകളോടൊപ്പം സ്നേഹ സ്മരണയും നമസ്തേ.

ദാദിമാരോടുള്ള സംഭാഷണം

ജാനകി ദാദിജിയോട്– തന്റെ ധൈര്യവും സർവ്വരുടെയും സഹയോഗത്തിന്റെ ആശീർവാദങ്ങളും ശരീരത്തെ നടത്തിച്ചു കൊണ്ടിരിക്കുന്നു. സമയത്ത് ശരീരവും സഹയോഗം നല്കുന്നു. ഇതിനെയാണ് പറയുന്നത് എക്സ്ട്രാ ആശീർവാദങ്ങളുടെ സഹായം എന്ന്. അതിനാൽ വിശേഷ ആത്മാക്കൾക്ക് ഈ എക്സ്ട്രാ സഹയോഗം ലഭിക്കുക തന്നെ ചെയ്യുന്നു. ശരീരത്തിന് കുറച്ച് റസ്റ്റും നല്കേണ്ട ആവശ്യമുണ്ട്. നല്കുന്നില്ലായെങ്കിൽ അത് പ്രശ്നം ഉണ്ടാക്കുന്നു. ഏതു പോലെ മറ്റുള്ളവർ എന്താഗ്രഹിക്കുന്നുവൊ അത് നല്കുന്നുണ്ടല്ലോ! ചിലർക്ക് ശാന്തി വേണം, ചിലർക്ക് സുഖം വേണം, ചിലർക്ക് ധൈര്യം വേണമെങ്കിൽ നല്കാറുണ്ടല്ലോ! അതിനാൽ ശരീരത്തിന് എന്താവശ്യമാണോ ഉള്ളത് അത് നല്കൂ. ഇതിനും എന്തെങ്കിലും വേണമല്ലോ. കാരണം ഈ ശരീരവും സൂക്ഷിക്കാനേല്പ്പിച്ചതാണ്. ഇതിനെയും സംരക്ഷിക്കണമല്ലോ. നല്ല ധൈര്യത്തോടെ നടത്തിച്ചു കൊണ്ടിരിക്കുന്നു, നടത്തിക്കുക തന്നെ വേണം. സമയത്ത് ആവശ്യത്തിനനുസരിച്ച് ശരീരം നിങ്ങൾക്ക് സഹയോഗം നല്കുന്നു, അതിനാൽ നിങ്ങളും കുറച്ച് കുറച്ച് സഹയോഗം നല്കൂ. നോളേജ്ഫുൾ ആണ്. നല്ലതാണ് കാരണം ഈ ശരീരത്തിലൂടെ തന്നെ അനേക ആത്മാക്കളുടെ

മംഗളം നടക്കണം. നിങ്ങളുടെ കേവലം കൂട്ട്കെട്ടിന്റെ അനുഭവത്തിലൂടെ തന്നെയാണ് സർവ്വരും വളരെ വലിയ സഹയോഗത്തിന്റെ അനുഭവം ചെയ്യുന്നത്. ഹാജരാകുന്നതും സേവനത്തിന്റെ ഹാജരാണ്. സ്ഥൂല മായ സേവനം ചെയ്തില്ലായെങ്കിലും നമ്മുടെ സാന്നിദ്ധ്യം തന്നെ ഹാജർ നല്കുന്നു. സെക്കന്റ് പോലും സേവനമില്ലാതെയിരിക്കാൻ സാധിക്കില്ല, ഇരിക്കുന്നുമില്ല, അതിനാൽ സേവനത്തിന്റെ സമ്പാദ്യം ശേഖരി ക്കപ്പെട്ടു കൊണ്ടിരിക്കുന്നു. വളരെ നല്ല പാർട്ട് അഭിനയിച്ചു കൊണ്ടിരിക്കുന്നു, അഭിനയിച്ചു കൊണ്ടേയി രിക്കും. നല്ല പാർട്ട് ലഭിച്ചില്ലേ. ഇത്രയും ശ്രേഷ്ഠമായ പാർട്ട് ഡ്രാമയനുസരിച്ച് ആശീർവാദങ്ങൾ കാരണ മാണ് ലഭിച്ചിട്ടുള്ളത്! ഈ ബ്രാഹ്മണ ജന്മത്തിലെ ആദിയിലെ സംസ്ക്കാരം- ദയാമനസ്സും സഹയോഗ ത്തിന്റെ ഭാവനയും- ഇതിന്റെ ഫലമാണ്. ശരീരം കൊണ്ടോ മനസ്സ് കൊണ്ടോ ദയയുടെയും, സഹയോ ഗത്തിന്റെയും ഭാവനയുടെ പാർട്ട് ആദി മുതൽ ലഭിച്ചിരിക്കുന്നു അതിനാൽ അതിന്റെ ഫലം സഹജമായി പ്രാപ്തമായി കൊണ്ടിരിക്കുന്നു. സഹയോഗത്തിന്റെയും സേവനം ഹൃദയത്തിൽ നിന്നും ചെയ്തു അതി നാൽ ശരീരത്തിന്റെ ആയുസ്സ് ഈ ആശീർവാദങ്ങൾ കാരണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ശരി.
ദാദിജിയോട്- ശരി, സേവനം ചെയ്ത് വന്നിരിക്കുന്നു! ഈ ഡ്രാമയും സഹയോഗിയാകുന്നു, ഈ ശുഭ ഭാവനയുടെ ഫലവും ബലവും ലഭിക്കുന്നു. സംഘടിത രൂപത്തിൽ ശുഭ ഭാവന ഈ ഫലം നല്കുന്നു, അതിനാൽ നല്ലതായിരുന്നു, നല്ലതിലും നല്ലതായി തന്നെയിരിക്കണം. ഇപ്പോൾ അവ്യക്ത സ്ഥിതിയിലൂടെ വിശ്വത്തിലെ ആത്മാക്കൾക്ക് സേവനത്തിൽ മുന്നോട്ടുയരുന്നതിനുള്ള ബലം ലഭിക്കുന്നു. കേവലം ബ്രാഹ്മ ണരുടെ ദൃഢ പരിവർത്തനത്തിന് വേണ്ടി വിശ്വ പരിവർത്തനം കാത്തിരിക്കുന്നു. ബ്രാഹ്മണരുടെ പരി വർത്തനം ഇടയ്ക്ക് ശക്തിശാലിയാകുന്നു, ഇടയ്ക്ക് ശക്തിഹീനമാകുന്നു. ഈ ചഞ്ചലതയും ഇടയ്ക്ക് ശക്തമാകുന്നു, ഇടയ്ക്ക് ബലഹീനമാകുന്നു. സമ്പന്നമാകേണ്ടത് ഇതേ ബ്രാഹ്മണരാണ്. ശരി.
ചന്ദ്രമണി ദാദിയോട്- പരിധിയില്ലാത്ത ചക്രവർത്തിയായി, ഇന്ന് ഇവിടെ, നാളെ അവിടെ! ഇതിനെയാണ് പറയുന്നത് വിശ്വത്തിലെ ആത്മാക്കളുമായി സ്വതവേയും സഹജവുമായും സംബന്ധം വർദ്ധിപ്പിക്കുക എന്ന്. വിശ്വത്തിന്റെ രാജ്യം ഭരിക്കുക, വിശ്വമംഗളകാരിയാണ്, അതിനാൽ ഓരോ കോണിലും പാദം വയ്ക്കണം, അതു കൊണ്ടാണ് ദേശ വിദേശത്ത് അവസരം ലഭിച്ചു കൊണ്ടിരിക്കുന്നത്. പ്രോഗ്രാം ഉണ്ടാ ക്കിയില്ലായെങ്കിലും ഡ്രാമയനുസരിച്ചുള്ള സംഗമത്തിലെ സേവനം ഭാവിയെ പ്രത്യക്ഷമാക്കി കൊണ്ടിരി ക്കുന്നു അതിനാൽ പരിധിയില്ലാത്ത സേവനവും പരിധിയില്ലാത്ത സംബന്ധ സമ്പർക്കവും വർദ്ധിച്ചു കൊണ്ടി രിക്കുന്നു, വർദ്ധിച്ചു കൊണ്ടിരിക്കും. സ്റ്റേറ്റിന്റെ രാജാവല്ല ആകേണ്ടത്, വിശ്വത്തിന്റേതാകണം. പഞ്ചാ ബിലെ രാജാവല്ല ആകേണ്ടത്. അത് നിമിത്തമായ ഡ്യൂട്ടി മാത്രമാണ്, ഡ്യൂട്ടിയാണെന്ന് മനസ്സിലാക്കി നിറ വേറ്റുന്നു. ബാക്കി മധുബൻ നിവാസിയാകൂ എന്ന് ഓർഡർ ചെയ്താൽ പഞ്ചാബിനെന്ത് സംഭവിക്കും എന്ന് ചിന്തിക്കുമോ? ഇല്ല. എപ്പോൾ വരെ ഇവിടത്തെ ഡ്യൂട്ടിയുണ്ടോ, വളരെ നല്ല രീതിയിലൂടെ നിറവേ റ്റുക തന്നെ വേണം.

ജാനകി ദാദിയോട്- ഇപ്പോൾ വിദേശത്ത് നിന്ന് ഇവിടെ വരൂവെന്ന് പറഞ്ഞാൽ വരില്ലേ! ബാബയാണ് അയക്കുന്നത്, സ്വയം അല്ല പോകുന്നത്. അവസാനം എല്ലാവർക്കും ഇവിടെ വരേണ്ടിയിരിക്കുന്നു. അതി നാൽ അടിക്കടി വന്ന് വന്ന് ഇവിടെ തന്നെ വസിക്കും. ചുറ്റി കറങ്ങി വരുന്നുണ്ടല്ലോ. അതിനാൽ നിർമ്മോ ഹിയുമാണ്, സേവനത്തിനോട് പ്രിയമുള്ളവരുമാണ്. ദേശത്തിനോടും വ്യക്തികളോടും പ്രിയമുള്ളവരല്ല, സേവനത്തിനോട് പ്രിയമുള്ളവരാണ്. ശരി. സർവ്വർക്കും സ്നേഹ സ്മരണ നല്കണം, അവ്യക്ത വർഷ ത്തിന്റെ ആശംസകൾ നല്കണം.

## വരദാനം- ജ്ഞാനത്തെ ലൈറ്റിന്റെയും മൈറ്റിന്റെയും രൂപത്തിൽ സമയത്ത് കാര്യത്തി ലുപയോഗിക്കുന്ന ജ്ഞാനി ആത്മാവായി ഭവിക്കട്ടെ.

ജ്ഞാനം അർത്ഥം നോളേജ്, നോളേജ് പ്രകാശവും ശക്തിയുമാണെന്ന് പറയുന്നു. ലൈറ്റ് അർത്ഥം പ്രകാ ശമുണ്ട്- ഇത് ശരിയാണ്, ഇത് തെറ്റാണ്, ഇത് അന്ധകാരമാണ്, ഇത് പ്രകാശമാണ്, ഇത് വ്യർത്ഥമാണ്. ഇത് സമർത്ഥമാണ്, അതിനാൽ ലൈറ്റും മൈറ്റും കൊണ്ട് സമ്പന്നമായ ആത്മാവ് ഒരിക്കലും അന്ധകാര ത്തിലിരിക്കില്ല. അന്ധകാരമാണെന്ന് മനസ്സിലാക്കിയിട്ടും അന്ധകാരത്തിലാണെങ്കിൽ അവരെ ജ്ഞാനി അഥവാ വിവേകശാലിയെന്ന് പറയില്ല. ജ്ഞാനി ആത്മാവിന് ഒരിക്കലും തെറ്റായ കർമ്മത്തിന്, സങ്കല്പങ്ങ ൾക്ക് അഥവാ സ്വഭാവ സംസ്ക്കാരത്തിന് വശപ്പെടാൻ സാധിക്കില്ല.

## സ്ലോഗൻ- ഹീറോ പാർട്ട് അഭിനയിക്കുന്നതിന് സീറോ ബാബയോടൊപ്പം കംബയിന്റാ യിട്ടിരിക്കൂ.